**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6530** **11-11-2021 - ൽ മറുപടിയ്ക്ക്**

**ത്രാങ്ങാലി-മരുതൻതോട് പാർശ്വഭിത്തികെട്ടി സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഷൊർണ്ണൂർ മുൻസിപ്പാലിറ്റിയിലും വാണിയംകുളം പഞ്ചായത്തിലുമായി കിടക്കുന്ന 125 ഏക്കറോളം കൃഷിസ്ഥലത്തിനോട് ചേർന്ന് ഒഴുകുന്ന ത്രാങ്ങാലി-മരുതൻതോട് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കാത്തതിനാൽ കൃഷി നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | 2019-20 വർഷത്തിൽ എസ്റ്റിമേറ്റ് സഹിതം സമർപ്പിച്ചിട്ടുള്ള പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ; ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ? | (ബി) | ത്രാങ്ങാലി-മരുതൻതോട് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് 1,82,00,000/-രൂപയുടെ പ്രൊപ്പോസൽ പാലക്കാട് നെൽകൃഷി വികസന ഏജൻസിയിൽ ഉൾപ്പെടുത്തുന്നതിനായി എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അവതരിപ്പിച്ചിരുന്നു. എന്നാൽ ഫണ്ടിന്റെ ലഭ്യത കുറവു കാരണം 2019-20 സാമ്പത്തിക വർഷത്തെ പ്രൊപ്പോസലുകളിൽ റാമ്പിന്റെയും, കാനാലിന്റേയും പ്രവൃത്തികൾ മാത്രം നടത്തിയാൽ മതിയെന്നും, പാർശ്വഭിത്തി കെട്ടുന്നതടക്കമുള്ള വലിയ തുകയ്ക്കുള്ള പ്രവൃത്തികൾ നെൽകൃഷി വികസന ഏജൻസിയിൽ ഫണ്ടില്ലാത്തതിനാൽ മാറ്റി വെയ്ക്കാനും എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിൽ തീരുമാനം എടുത്തിരുന്നു. ഈ പാടത്തിൽ പ്രസ്തുത റാമ്പിന്റെയും കനാലിന്റെയും പ്രവർത്തികൾ ചെയ്തിട്ടില്ല. നബാർഡ് ആർ.ഐ..ഡി.എഫ്, ആർ.കെ.വി.വൈ പദ്ധതികളിൽ ഉൾപ്പെടുത്താൻ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും നടപടികൾ സ്വീകരിക്കുന്നതാകുന്നു. |

സെക്ഷൻ ഓഫീസർ